**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4860

27/06/2014-ൽ മറുപടിക്ക്

ഭവനശ്രീ വായ്പകളുടെ ബാദ്ധ്യത ഏറ്റെടുക്കൽ

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം.എ. വാഹീദ് :

**ഉത്തരം**

ഡോ.എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി )

(എ) കുടുംബശ്രീ /സി.ഡി.എസ് മുഖേനയുള്ള ഭവനശ്രീ വായ്പകളുടെ ബാദ്ധ്യത ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(എ) 13/9/2010 ലെ സ.ഉ (എംഎസ്) നം. 211/2010/തസ്വഭവ, 05/01/2011 ലെ സ.ഉ (എംഎസ്) നം. 05/2011/തസ്വഭവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ദേശസാൽകൃത ബാങ്കുകളിൽ നിന്നും എടുത്ത ഭവനശ്രീ വായ്പകൾ സർക്കാർ ഏറ്റെടുക്കുകയും, ഗഡുക്കളായി തുക നൽകി വരുകയും ചെയ്യുന്നുണ്ട്. ഇതിൽ 4 ഗഡുക്കൾ ഇ ഇവരെ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്.

സഹകരണ ബാങ്കുകളുടെ ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തുകൊണ്ട് 31/05/2014 ലെ സ.ഉ (എംഎസ്) നം. 96/2014/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഏതെല്ലാം ബാങ്കുകളിൽ നിന്നാണ് വായ്പകൾ നൽകിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ധനലക്ഷ്മി ബാങ്ക്, ഫെഡറൽ ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഇൻഡ്യൻ ബാങ്ക്, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സിൻഡിക്കേറ്റ് ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, കോർപ്പറേഷൻ ബാങ്ക്, വിജയ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, സഹകരണ ബാങ്കുകൾ മുതലായവയിൽ നിന്നുമാണ് ഭവനശ്രീ വായ്പകൾ നൽകിയിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | വായ്പത്തുകകളും പിഴപ്പലിശകളും ഒഴിവാക്കാമെന്ന് ബാങ്കുകൾ സമ്മതിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | 30-6-2010 വരെയുള്ള കുടിശ്ശികയും ബാക്കിയുള്ള വായ്പാ തുകയും ആണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. പിഴപലിശ ബാങ്കുകൾ ഒഴിവാക്കി യിട്ടുണ്ട്. |
| (ഡി) | വായ്പ ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ദേശസാൽകൃത ബാങ്കുകളിലേയും സഹകരണ ബാങ്കുകളിലേയും ഭവനശ്രീ വായ്പയുടെ ബാധ്യത ഏറ്റെടുത്തിട്ടു ണ്ട്. ദേശസാൽകൃത ബാങ്കുകൾക്ക് ഗഡുക്കളായി ബാധ്യത തുക നൽകിവരുന്നു. ഇതിൽ 4 ഗഡുക്കൾ നൽകി കഴിഞ്ഞിട്ടു ണ്ട്. സഹകരണ ബാങ്കുകളിലെ വായ്പ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകളുമായി ത്രികക്ഷി കരാർ ഒപ്പു വയ്ക്കുന്നതും, തുക വിതരണം ചെയ്യുന്നതുമാ യി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ